# കേരളസർവകലാശാല

നം.പി.ആർ.72/2023

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2023 ജനുവരി മാസം നടത്തിയ മൂന്നാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ (മ്യൂസിക്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ 2023 ഏപ്രിൽ 24 മുതൽ നടത്തുന്നതാണ് . വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷയുടെ ഫലം

കേരളസർവകലാശാല ആറാം സെമസ്റ്റർ ബി.ടെക് യു.സി.ഇ.കെ (റെഗുലർ 2019 അഡ്മിഷൻ, ഇമ്പ്രൂവ്മെന്റ്/ സപ്ലമെന്ററി 2018 അഡ്മിഷൻ - 2018 സ്കീം) ജൂൺ 22 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർ മൂല്യനിർണയത്തിനും അപേക്ഷിക്കേണ്ട അവസാന തീയതി 2023 ഏപ്രിൽ 22. കരട് മാർക്ക് ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല 2023 മാർച്ച് മാസം നടത്തിയ നാലാം സെമസ്റ്റർ എം.എഫ്.എ പെയിന്റിംഗ് പരീക്ഷഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2023 ഏപ്രിൽ 25 വരെ അപേക്ഷിക്കാവുന്നതാണ്.

### പരീക്ഷ തീയതി

കേരളസർവകലാശാല 2023 ഏപ്രിൽ മാസത്തെ നടത്താനിരിക്കുന്ന ഒന്നും രണ്ടും മൂന്നും നാലും സെമസ്റ്റർ എം.ബി.എ (വിദൂര വിദ്യാഭ്യാസം - മേഴ്സി ചാൻസ് 2009 സ്കീം - 2010 മുതൽ 2014 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ രജിസ്ട്രേഷന് 150 രൂപ പിഴയോടുകൂടി ഏപ്രിൽ 18 വരെയും 400 രൂപ പിഴയോടുകൂടി ഏപ്രിൽ 20 വരെയും അപേക്ഷിക്കാവുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

### റഷ്യൻ സർട്ടിഫിക്കറ്റ്, ഇൻഡഗ്രേറ്റഡ് ഡിപ്ലോമ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാല റഷ്യൻ പഠനവിഭാഗം 2023ൽ നടത്തുന്ന റഷ്യൻ സർട്ടിഫിക്കറ്റ്, റഷ്യൻ ഇൻഡഗ്രേറ്റഡ് ഡിപ്ലോമ (ഒരു വർഷം) കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത : പ്ലസ്ടു / പ്രീഡിഗ്രി. അപേക്ഷകൾ റഷ്യൻ പഠനവിഭാഗത്തിലും സർവകലാശാല വെബ്സൈറ്റിലും ലഭ്യമാണ്. അപേക്ഷാഫീസ് 100 രൂപയും രജിസ്ട്രേഷൻ ഫീസ് 100 രൂപയുമാണ്. പൂരിപ്പിച്ച അപേക്ഷകൾ മെയ് 25 വരെ, പാളയം സെനറ്റ് ഹൗസ് ക്യാമ്പസ്സിലുള്ള റഷ്യൻ പഠനവിഭാഗം ഓഫീസിൽ സ്വീകരിക്കുന്നതാണ്.

# <u>വാർഷിക സമ്മർ കോച്ചിംഗ് ക്യാമ്പ്</u>

കേരളസർവകലാശാല ഡിപ്പാർട്ടമെന്റ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന വാർഷിക സമ്മർ കോച്ചിംഗ് ക്യാമ്പ് ഏപ്രിൽ - മെയ് മാസങ്ങളിൽ യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ വച്ച് നടത്തുന്നതാണ്.

അത്‌ലറ്റിക്സ്, ഫുട്ബോൾ, ക്രിക്കറ്റ്, ഹാന്റ്ബോൾ, ബാസ്കറ്റ്ബോൾ, ബേയ്സ്ബോൾ, റോൾബോൾ, യോഗാസന, കളരിപ്പയറ്റ് എന്നീ ഇനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിനു പുറമെ കോളേജ് വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനവും ഉൾപ്പെടുത്തിയിട്ടുണ്ട്. പരിശീലന സമയം രാവിലെ 6.30 മുതൽ 8.30 വരെയും വൈകുന്നേരം 4:30 മുതൽ 6.30 വരെയുമാണ്. അപേക്ഷാഫോമിനും വിശദവിവരങ്ങൾക്കും പി.എം.ജി.യിലുള്ള ജി.വി.രാജ പവലിയനിൽ പ്രവർത്തിക്കുന്ന കേരളസർവ്വകലാശാല ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെടാവുന്നതാണ്. അപേക്ഷിക്കാനുള്ള അവസാന തീയതി ഏപ്രിൽ 8 വരെയാണ്. മൊബൈൽ : 8075978209 (ബിജുമോൻ, കോച്ച്) 7994759331 (നിതിൻ കോച്ച്)

തിരുവനന്തപുരം,
12.04.2023

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**
**website:** **<u>www.keralauniversity.ac.in</u>**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No.8547330240**